2025
NOVEMBER
21
FRIDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




### 4ജി വഴി പ്രവർത്തന വരുമാനം കൂടിയിട്ടും
# ബി.എസ്.എൻ.എൽ നഷ്ടത്തിന്റെ പാതയിൽ

**ന്യൂഡൽഹി:** പൊതുമേഖലാ ടെലികോം കമ്പനിയായ ബി.എസ്.എൻ.എൽ വീണ്ടും നഷ്ടത്തിന്റെ പാതയിൽ. തുടർച്ചയായ രണ്ടാംപാദത്തിലും നഷ്ടത്തിലേക്കു വീണെന്ന് മാത്രമല്ല, നഷ്ടം വൻതോതിൽ കൂടുകയും ചെയ്തു. ഇക്കഴിഞ്ഞ ജൂലൈ-സെപ്റ്റംബർ പാദത്തിൽ നഷ്ടം 1,347 കോടി രൂപയാണ്. ജൂൺപാദത്തിൽ 1,048 കോടി രൂപയായിരുന്നു. മുൻവർഷത്തെ സമാനപാദത്തിൽ 1,242 കോടി രൂപയുടെ നഷ്ടവും കമ്പനി നേരിട്ടിരുന്നു.

ആസ്തിമൂല്യത്തിലുണ്ടായ കുറവും പ്രവർത്തനച്ചെലവിലെയും ബാധ്യതകളിലെയും വർധനയുമാണ് നഷ്ടം കൂടാനിടയാക്കിയത്. അതേസമയം, 4ജി സേവനം വ്യാപിപ്പിച്ച പശ്ചാത്തലത്തിൽ പ്രവർത്തന വരുമാനം പാദാടിസ്ഥാനത്തിൽ 2.8 ശതമാനവും വാർഷികാടിസ്ഥാനത്തിൽ 6.6 ശതമാനവും ഉയർന്ന് 5,166.7 കോടി രൂപയിലെത്തി. മൊബൈൽ സേവനങ്ങളിലെ വരുമാന വർധനയാണ് നേ




ട്ടമായത്.

മൊബൈൽ വരിക്കാരുടെ എണ്ണത്തിൽ രാജ്യത്ത് 4ാം സ്ഥാനത്താണ് ബി.എസ്.എൻ.എൽ. 50.6 കോടി വരിക്കാരുമായി റിലയൻസ് ജിയോയാണ് ഒന്നാമത്. ഭാരതി എയർടെൽ (36.4 കോടി), വോഡഫോൺ ഐഡിയ (19.67 കോടി) എന്നിവയാണ് യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങളിൽ. ബിഎസ്എൻഎൽ ഉപഭോക്താക്കളുടെ എണ്ണം 9.23 കോടി. 2024-25 സാമ്പത്തിക വർഷം ബി.എസ്.എൻ.എൽ 23,000 കോടി രൂപ വരുമാനം നേടിയിരുന്നു. നടപ്പുവർഷത്തെ ലക്ഷ്യം 27,500 കോടി രൂപയാണ്.

ഓരോ ഉപഭോക്താവിൽ നിന്നുമുള്ള ശരാശരി വരുമാനം 12% ഉയർന്നുവെന്നത് ബി.എസ്.എൻ.എലിന് നേട്ടമാണ്. ജൂൺ പാദത്തിലെ 81 രൂപയിൽ നിന്ന് 91 രൂപയായാണ് വർധന. ടെലികോം കമ്പനികളുടെ വരുമാന വളർച്ചയെ നിർണയിക്കുന്ന മുഖ്യഘടകമാണിത്. നടപ്പുവർഷം ഏപ്രിൽ-സെപ്റ്റംബർ കാലയളവിൽ കമ്പനിയുടെ പ്രവർത്തന വരുമാനം 10.4% ഉയർന്ന് 10,193 കോടി രൂപയായിട്ടുണ്ട്. നഷ്ടമാകട്ടെ മുൻവർഷത്തെ സമാനകാലത്തെ 2,952 കോടി രൂപയിൽ നിന്ന് 2,405 കോടി രൂപയായി കുറയുകയും ചെയ്തു.

18 വർഷത്തിനുശേഷം ബിഎസ്എൻഎൽ ആദ്യമായി ലാഭം കുറിച്ചത് കഴിഞ്ഞ ഡിസംബർ പാദത്തിലായിരുന്നു. 262 കോടി രൂപയായിരുന്നു ലാഭം. തൊട്ടടുത്ത ജനുവരിമാർച്ചിൽ ലാഭം 280 കോടി രൂപയായി ഉയർത്തുകയും ചെയ്തു. തുടർന്നാണ്, ജൂൺ പാദം മുതൽ കമ്പനി വീണ്ടും നഷ്ടത്തിന്റെ റേഞ്ചിലായത്.

## ജർമൻ ബാങ്കായ ഡോയിച് ഇന്ത്യയിലെ റീട്ടെയ്ൽ പ്രവർത്തനം പൂർണമായി അവസാനിപ്പിക്കുന്നു

**ന്യൂഡൽഹി:** പ്രമുഖ ജർമൻ ബാങ്കായ ഡോയിച് ഇന്ത്യയിലെ റീട്ടെയ്ൽ പ്രവർത്തനം പൂർണമായി അവസാനിപ്പിക്കുന്നു. ബാങ്കിന്റെ രാജ്യാന്തര ബിസിനസ് പ്രവർത്തനങ്ങളുടെ പുനഃക്രമീകരണത്തിന്റെ ഭാഗമായാണിത്. ബാങ്കിനെ കൂടുതൽ ലാഭത്തിലേക്ക് ഉയർത്താനുള്ള സി.ഇ.ഒ ക്രിസ്റ്റ്യൻ സിവിങ്ങിന്റെ പദ്ധതിയുടെ ഭാഗവുമാണ് ഇന്ത്യയിൽ നിന്നുള്ള പടിയിറക്കം.

ഇന്ത്യയിലെ ബാങ്കുകളുമായി വിപണിയിൽ പിടിച്ചുനിൽക്കാനാവാതെ നേരത്തേയും വിദേശ ബാങ്കുകൾ പ്രവർത്തനം അവസാനിപ്പിച്ചിരുന്നു. 2022ലാണ് സിറ്റി ബാങ്ക് 100 ബില്യനിലേറെ മതിക്കുന്ന ഡീലുമായി ഇന്ത്യയിലെ ക്രെഡിറ്റ് കാർഡ്, റീട്ടെയ്ൽ ബിസിനസുകൾ ആക്സിസ് ബാങ്കിന് വിറ്റഴിച്ചശേഷം പടിയിറങ്ങിയത്. സമാനപാതയിലേക്കാണ് ഇപ്പോൾ ഡോയിച് ബാങ്കിന്റെയും നീക്കം. കഴിഞ്ഞ 8 വർഷത്തിനിടെ ഡോയിച് ബാങ്ക് ഇതു രണ്ടാംതവണയാണ് ഇന്ത്യയിലെ പ്രവർത്തനം നിർത്താൻ ശ്രമിക്കുന്നതും.

അതേസമയം, ഡോയിച് ബാങ്കിന്റെ ഇന്ത്യയിലെ ബിസിനസുകൾ സ്വന്തമാക്കാനുള്ള മത്സരവും മുറുകുകയാണെന്നാണ് റിപ്പോർട്ടുകൾ. കേരളം ആസ്ഥാനമായ ഫെഡറൽ ബാങ്കിന് പുറമേ കൊട്ടക് മഹീന്ദ്ര ബാങ്കുമാണ് രംഗത്ത്. 3 ബാങ്കുകളും ഇതുവരെ ഔദ്യോഗികമായി പ്രതികരിച്ചിട്ടില്ല.

ഇന്ത്യയിൽ 25,000 കോടി രൂപയുടെ ബിസിനസ് ഡോയിച് ബാങ്കിനുണ്ട്. ഡോയിച് ബാങ്ക് 2021ൽ ക്രെഡിറ്റ് കാർഡ് ബിസിനസുകൾ ഇൻഡസ്ഇൻഡ് ബാങ്കിന് വിറ്റഴിച്ചിരുന്നു. കൊട്ടക് മഹീന്ദ്ര ബാങ്ക് ഈ വർഷാദ്യം മറ്റൊരു വിദേശ ബാങ്കായ സ്റ്റാൻഡേർഡ് ചാർട്ടേഡിന്റെ 3,300 കോടിയോളം രൂപ മതിക്കുന്ന പേഴ്സനൽ വായ്പാ ആസ്തികളും ഏറ്റെടുത്തിരുന്നു. ഡോയിച് ബാങ്കിന് യൂറോപ്പിന് പുറത്ത് നിലവിൽ റീട്ടെയ്ൽ ബിസിനസുള്ള ഏക രാജ്യമാണ് ഇന്ത്യ. 17 ശാഖകളാണ് ഇന്ത്യയിലുള്ളത്.

## യുഎഇ പൗരൻമാർക്ക് ഇന്ത്യയിലേക്ക് മുൻകൂർ വിസയില്ലാതെ യാത്ര ചെയ്യാൻ സൗകര്യം

**കോഴിക്കോട്:** യുഎഇ പൗരൻമാർക്ക് ഇന്ത്യയിലേക്ക് മുൻകൂർ വിസയില്ലാതെ യാത്ര ചെയ്യാൻ സൗകര്യം ഏർപ്പെടുത്തി. കേരളത്തിലെ കൊച്ചി, കോഴിക്കോട് ഉൾപ്പെടെ രാജ്യത്തെ ഒൻപത് വിമാനത്താവളങ്ങളിലാണ് യുഎഇ പൗരന്മാർക്ക് ഓൺ അറൈവൽ വിസ



സൗകര്യം ഏർപ്പെടുത്തിയത്. ഇതിലൂടെ 60 ദിവസം വരെ ഇന്ത്യയിൽ തങ്ങാൻ യുഎഇ പൗരൻമാർക്ക് അനുമതി ലഭിക്കും. മുൻപ് മുൻകൂറായി അപേക്ഷിച്ചാൽ ലഭിക്കുന്ന ഇ-വിസയോ, പേപ്പർ വിസയോ കൈവശമുണ്ടെങ്കിൽ മാത്രമാണ് യുഎഇ പൗരൻമാർക്ക് ഇന്ത്യയിലേക്ക് യാത്ര ചെയ്യാൻ അനുമതിയുണ്ടായിരുന്നത്. കൊച്ചി, കോഴിക്കോട് എന്നീ വിമാനത്താവളങ്ങൾക്കു പുറമേ, ന്യൂഡൽഹി, മുംബൈ, കൊൽക്കത്ത, ചെന്നൈ, ബംഗളൂരു, ഹൈദരാബാദ്, അഹമ്മദാബാദ് വിമാനത്താവളങ്ങളിലാണ് പുതിയ സൗകര്യം.

ഇന്ത്യയിൽ ഇറങ്ങിയ ശേഷം ഇന്ത്യൻ വിസ സു-സ്വാഗതം മൊബൈൽ ആപ്ലിക്കേഷനിലോ, വെബ്സൈറ്റിലോ ഫോറം പൂരിപ്പിച്ച് നൽകണം. 2000 രൂപയാണ് വീസ ഫീസ്. 60 ദിവസം വരെ വിനോദസഞ്ചാരം, സമ്മേളനം, ചികിത്സ, ബിസിനസ് തുടങ്ങിയ ആവശ്യങ്ങൾക്ക് ഇന്ത്യയിൽ തങ്ങാൻ അനുമതി ലഭിക്കും. യുഎഇ സ്വദേശിയുടെ മുത്തച്ഛനോ, മുത്തശ്ശിയോ പാക്കിസ്ഥാൻ പൗരന്മാരോ, സ്ഥിരതാമസക്കാരോ ആണെങ്കിൽ ഓൺ അറൈവൽ വിസ ലഭിക്കില്ല. അവർ അബുദാബി എംബസി, ദുബായ് ഇന്ത്യൻ കോൺസുലേറ്റ് എന്നിവ വഴി പേപ്പർ വിസ ലഭിച്ചതിന് ശേഷം മാത്രമേ ഇന്ത്യയിലേക്ക് പുറപ്പെടാൻ പാടുള്ളൂ. ഇന്ത്യയിലേക്ക് ആദ്യമായി യാത്രചെയ്യുന്ന യുഎഇ പൗരൻമാർ ഓൺ അറൈവൽ വിസയ്ക്ക് പകരം ഇ-വിസയ്ക്ക് അപേക്ഷിക്കുന്നതാണ് അഭികാമ്യമെന്നും ബന്ധപ്പെട്ട വൃത്തങ്ങൾ അറിയിച്ചു. ഇന്ത്യയിലേക്കുള്ള തുടർ യാത്രകളിൽ ഇവർക്ക് ഓൺ അറൈവൽ സൗകര്യം ഉപയോഗിക്കാം.

## 87 ഐപിഒകൾ; 67 ശതമാനത്തിനും നേട്ടം: ഈ വർഷം ഇതുവരെ സമാഹരിച്ചത് 1.5 ലക്ഷം കോടി രൂപ

**കൊച്ചി:** ഈ വർഷം ഐ.പി.ഒയിലൂടെ ഓഹരി വിപണിയിലേക്കിറങ്ങിയ കമ്പനികളിൽ 67 ശതമാനവും ലിസ്റ്റ് ചെയ്തത് നേട്ടത്തിൽ. 87 കമ്പനികളാണ് ഈ വർഷം ഇതുവരെ ഐപിഒ നടത്തിയത്. 1.5 ലക്ഷം കോടി രൂപയിലേറെയാണ് ഈ കമ്പനികൾ ഐ.പി.ഒ വഴി സമാഹരിച്ചത്. കഴിഞ്ഞ വർഷം 91 കമ്പനികൾ ഐ.പി.ഒ വഴി 1.6 ലക്ഷം കോടി രൂപ സമാഹരിച്ചിരുന്നു. നിലവിലെ സ്ഥിതി തുടർന്നാൽ കഴിഞ്ഞ വർഷത്തെ റെക്കോർഡ് ഈ വർഷം തകർന്നേക്കും.

കമ്പനികൾക്ക് വിപണിയിൽ മികച്ച സ്വീകാര്യത ലഭിക്കുന്നത് കൂടുതൽ കമ്പനികളെ ഓഹരി വിപണിയിലേക്ക് ആകർഷിക്കുന്നുണ്ട്. 87ൽ 19 കമ്പനികൾ 20 മുതൽ 75% വരെ ലിസ്റ്റിങ്ങിൽ നേട്ടമുണ്ടാക്കി. ലിസ്റ്റിങ് ദിവസത്തിൽ 10 മുതൽ 19 ശതമാനം വരെ നേട്ടമുണ്ടാക്കിയത് 12 കമ്പനികളാണ്. 27 കമ്പനികളുടെ ഓഹരി വില ലിസ്റ്റിങ് ദിനത്തിൽ 1 മുതൽ 10 ശതമാനം വരെ ഉയർന്നു. 6 കമ്പനികൾക്ക് ലിസ്റ്റിങ് ദിനത്തിൽ 15 മുതൽ 35 ശതമാനം വരെ നഷ്ടം നേരിട്ടു. ഒരു ശതമാനം മുതൽ 10 ശതമാനം വരെ ഇടിഞ്ഞത് 23 കമ്പനികളുടെ ഓഹരികളാണ്. ലിസ്റ്റിങ് ദിനത്തിൽ ഏറ്റവും മികച്ച പ്രകടനം നടത്തിയ ഓഹരി ഹൈവേ ഇൻഫ്രാസ്ട്രക്ചറാണ്. ഐ.പി.ഒ കഴിഞ്ഞ് ഓഹരിവിപണിയിൽ പ്രവേശിച്ച് അന്നേദിനം കമ്പനിക്കുണ്ടായ നേട്ടം 75 ശതമാനത്തിനു മുകളിലാണ്.





# കുസാറ്റ് അപ്ലൈഡ് കെമിസ്ട്രി വകുപ്പ് 50-ാം വാർഷികം ആഘോഷിച്ചു

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ അപ്ലൈഡ് കെമിസ്ട്രി വകുപ്പ് 50ാം സ്ഥാപകദിനം ആഘോഷിച്ചു. പരിപാടിയിൽ പൂർവ അദ്ധ്യാപകരായ പ്രൊഫ. കെ. എൽ സെബാസ്റ്റ്യൻ, പ്രൊഫ. എസ്. സുഗുണൻ, പ്രൊഫ. കെ. കെ. യുസുഫ്, പ്രൊഫ. ശ്രീകുമാർ, എമിരിറ്റസ് പ്രൊഫസർമാരായ കെ. ഗിരീഷ് കുമാർ, എസ്. പ്രതാപൻ എന്നിവർ മുഖ്യാതിഥികളായി പങ്കെടുത്തു. 1976 നവംബർ പതിനെട്ടാം തീയതിയാണ് കുസാറ്റിൽ അപ്ലൈഡ് കെമിസ്ട്രി വകുപ്പ് തുടങ്ങിയത്. പരിപാടിയിൽ വകുപ്പിന്റെ വളർച്ചയിൽ പങ്കുവെച്ച എല്ലാ വിശിഷ്ട വ്യക്തികളെയും സ്മരിച്ചു.

പൂർവഅദ്ധ്യാപകർ വകുപ്പിലെ അവരുടെ അനുഭവങ്ങളെയും, ഉയർച്ചയുടെ ഓരോ കാലഘട്ടത്തെയും, ഓർമ്മകളെയും നിലവിലെ അദ്ധ്യാപകവിദ്യാർത്ഥി സമൂഹവുമായി പങ്കുവെച്ചു. ഡിപ്പാർട്മെന്റും, വിദ്യാർത്ഥികളും, പൂർവവിദ്യാർത്ഥികളും കൈവരിച്ച മികച്ച നേട്ടങ്ങളെ പ്രത്യേകം പരാമർശിക്കുകയുണ്ടായി.

കാലാനുസൃതമായി വരുത്തേണ്ട അക്കാഡമിക് പരിഷ്കാരങ്ങളെപറ്റി കുസാറ്റ് കൺട്രോളർ ഓഫ് എക്സാമിനേഷൻസ് ഡോ. എൻ മനോജ് സംസാരിച്ചു. ഡിപ്പാർട്മെന്റിന്റെ അമ്പതാം വാർഷിക പരിപാടികൾക്ക് പൂർവാദ്ധ്യാപകർ ചേർന്ന് നിലവിളക്കു തെളിയിച്ചുകൊണ്ട് തുടക്കം കുറിച്ചു.

ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി സമ്മേളനങ്ങൾ, ശില്പശാലകൾ, പരിശീലന പരിപാടികൾ, ഇൻഡസ്ടറിമീറ്റ്, അലുംനിമീറ്റ്, സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്കുള്ള ഓപ്പൺ ഡേയ്സ് തുടങ്ങിയ ഒരു വർഷം നീണ്ടു നിൽക്കുന്ന കാര്യപരിപാടികളാണ് വിഭാവനം ചെയ്തിരിക്കുന്നതെന്ന് ഇപ്പോഴത്തെ വകുപ്പ് മേധാവി ഡോ. യൂസഫ് കരുവാത്ത് അറിയിച്ചു. യോഗത്തിന്റെ സമാപന ചടങ്ങിൽ ഡോ. ജയശ്രീ പങ്കെടുത്ത എല്ലാവർക്കും നന്ദി പ്രകാശിച്ചു.



# ഓഷ്യൻ എഞ്ചിനീയറിങ്; സെമസ്റ്റർ അറ്റ് സീ സംഘം കുഫോസിൽ

**കൊച്ചി:** കൊളറാഡോ സ്റ്റേറ്റ് സർവകലാശാലയിലെ പ്രമുഖ ഗവേഷകനായ ഡോ. ഡാൻ ബേക്കറുടെ നേതൃത്വത്തിലുള്ള അന്താരാഷ്ട്ര വദ്യാഭ്യാസ ഗവേഷണ യാത്ര പരിപാടിയായ സെമസ്റ്റർ അറ്റ് സീയിലെ ഏഴംഗ വിദ്യാർത്ഥി സംഘം കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആൻഡ് ഓഷൻ സ്റ്റഡീസ്സ് സന്ദർശിച്ചു. ഫ്ളൂയിഡ് മെക്കാനിക്സ്, തരംഗ മോഡലിംഗ്, തീരസംരക്ഷണ സാങ്കേതിക വിദ്യകൾ, ഓഷ്യൻ എഞ്ചിനീയറിങ്ങിലെ ആഗോള സാധ്യതകൾ എന്നിവയാണ് ഇവരുടെ സന്ദർശനത്തിൽ പ്രധാനമായി ചർച്ചയായത്. ചെല്ലാനം തീരമേഖലയിലെ ടെട്രാപോഡ് അടിസ്ഥാനമാക്കിയ സീവാൾ റിവേറ്റ്മെന്റ് ഘടനകളും അവയുടെ പ്രായോഗിക ഫലപ്രാപ്തിയും സംഘം നേരിട്ട് കണ്ട് പഠിച്ചു. പ്രകൃതിദത്ത തീരസംരക്ഷണത്തിൽ കണ്ടൽ കാടുകളുടെ പങ്ക്, തീരഭൂപ്രകൃതി മാറ്റങ്ങൾ, കേരള തീരത്തിന്റെ പ്രത്യേകതകൾ എന്നിവ ഓഷ്യൻ എഞ്ചിനീയറിംഗ് ഡിപ്പാർട്മെന്റ് ഹെഡ് ഡോ. അതുൽ കൃഷ്ണ കെ ആർ. വിശദീകരിച്ചു.

ഓഷ്യൻ എഞ്ചിനീയറിങ് വിഭാഗത്തിൽ നിലവിൽ പുരോഗമിക്കുന്ന ഗവേഷണങ്ങളായ തീരസംരക്ഷണ ന്യൂമെറിക്കൽ മോഡലുകളുടെ വികസനം, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉപയോഗിച്ചുള്ള തീരഭൂപ്രകൃതി പ്രവചനം, ഓഷ്യൻ വേവ് എനർജി ശേഷിയുടെ കണക്കുകൂട്ടൽ, ഊർജ്ജ സൈറ്റുകളുടെ തിരിച്ചറിയൽ, ആർട്ടിക് മേഖലയിലെ ഐസ് സ്ട്രെക്ചർ ഇന്ററാക്ഷൻ പഠനങ്ങൾ എന്നിവ സംഘം മനസിലാക്കി. കുഫോസിന്റെ ഓഷ്യൻ എഞ്ചിനിയറിങ് വിഭാഗം, സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ,യനേവൽ ആർക്കിടെക്ചർ ബിരുദധാരികൾക്കായി നടത്തുന്ന എം.ടെക് കോസ്റ്റൽ ആൻഡ് ഹാർബർ എഞ്ചിനീയറിംഗ്, എം.ടെക് ഓഷ്യൻ ആൻഡ് കോസ്റ്റൽ സേഫ്റ്റി, എം.ടെക് ഇന്റഗ്രേറ്റഡ് കോസ്റ്റൽ സോൺ മാനേജ്മെന്റ് എന്നീ പ്രോഗ്രാമുകൾ ഉന്നത നിലവാരം പുലർത്തുന്നതാണെന്നും, സമുദ്ര എഞ്ചിനീയറിങ് സൗകര്യങ്ങളും ഗവേഷണാവസരങ്ങളും വിദ്യാർത്ഥികൾക്ക് ആഗോള നിലവാരം നൽകാൻ ഉതകുന്നതാണെന്നും സംഘം അഭിപ്രായപ്പെട്ടു. കേരള തീരപ്രദേശം പഠനത്തിനും ഗവേഷണത്തിനും വലിയ സാധ്യതകൾ നൽകുന്ന മേഖലയാണെന്നും ഡോ. ബേക്കർ കൂട്ടിച്ചേർത്തു. ഓഷ്യൻ എഞ്ചിനീയറിംഗ് ഡിപ്പാർട്മെന്റ് ലെ പത്തു വിദ്യാർത്ഥികളും അവരുടെ റിസർച്ച് പ്രബന്ധങ്ങൾ വിശദീകരിച്ചു.

കുഫോസ് വൈസ് ചാൻസലർ ഡോ. ബിജു കുമാർ, രജിസ്ട്രാർ ഡോ. കെ. ദിനേശ്, ഫാക്കൽറ്റി ഓഫ് ഫിഷറീസ് എഞ്ചിനീയറിങ്ങിന്റെ ഡീൻ ഡോ. എം.കെ. സജീവൻ, ഫാക്കൾട്ടി ഓഫ് ഓഷ്യൻ സ്റ്റഡീസ് ഡീൻ ഡോ. ഗിരീഷ് ഗോപിനാഥ്, എഞ്ചിനീയറിംഗ് ഫാക്കൽറ്റിയിലെ ഡോ. കിരൺ മോഹൻ, ഡോ. ഇ. ജെ ലക്ഷ്മി എന്നിവർ പങ്കെടുത്തു.

## കുസാറ്റ്: അന്താരാഷ്ട്ര ശിൽപ്പശാല സംഘടിപ്പിക്കുന്നു

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ നാഷണൽ സെന്റർ ഫോർ അക്വാറ്റിക് ആനിമൽ ഹെൽത്ത് 24, 25 തീയതികളിൽ അന്താരാഷ്ട്ര ശിൽപ്പശാല സംഘടിപ്പിക്കുന്നു. പരിപാടി കൊച്ചിയിലെ രവിപുരത്തുള്ള ദി മേഴ്സി ബിസിനസ് ഹോട്ടലിൽ നടക്കും.

ഭാരത സർക്കാരിന്റെ വിദ്യാഭ്യാസ മന്ത്രാലയം, നടപ്പാക്കുന്ന പദ്ധതിയുടെ ഭാഗമായി സംഘടിപ്പിക്കുന്ന ഈ ശിൽപ്പശാല, സാൻഡിയാഗോയിലെ യൂണിവേഴ്സിറ്റി ഓഫ് കാലിഫോർണിയയിലെ സ്ക്രിപ്സ് ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് ഓഷ്യാനോഗ്രഫിയിലെ Cetnre for Marine Biotechnology and Biomedicine ന്റെ സഹകരണത്തോടെയാണ് നടക്കുന്നത്.

മറൈൻ ബയോ ഡിസ്കവറിയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ, പ്രോട്ടോ കോളുകൾ എന്നിവ മനുഷ്യ, വെറ്റിനറി മേഖലയിലെ ആരോഗ്യ പരിപാലനത്തിനായി എങ്ങനെ ഉപയോഗിക്കാം എന്നതാണ് ശിൽപ്പശാല ചർച്ച ചെയ്യുന്നത്. ഈ ദ്വിദിന ശിൽപ്പശാലയിൽ ഇന്ത്യയിലും വിദേശത്തും നിന്നുള്ള പ്രമുഖ ഗവേഷകർ, ബയോടെക്നോളജി വിദഗ്ധർ, മറൈൻ ഹെൽത്ത് പ്രൊഫഷണലുകൾ എന്നിവർ പങ്കെടുക്കും. യു.സി. സാൻഡിയാഗോ, യൂറോപ്യൻ യൂനിവേഴ്സിറ്റി ഫൗണ്ടേഷൻ, സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി, യൂണിവേഴ്സിറ്റി ഓഫ് ജോർദാൻ എന്നിവയുൾപ്പെടെയുള്ള പ്രമുഖ സ്ഥാപനങ്ങളിലെ വിദഗ്ദ്ധർ പ്രഭാഷണം നടത്തും.

വിദ്യാർത്ഥികൾ, ഗവേഷകർ, അധ്യാപകർ, ശാസ്ത്രജ്ഞർ, ഇൻഡസ്ട്രി പ്രൊഫഷണലുകൾ എന്നിവർക്കു പരിപാടിയിൽ പങ്കെടുക്കാം. നവംബർ 22 വരെയാണ് രജിസ്ട്രേഷൻ. രജിസ്ട്രേഷനും മറ്റു വിശദ വിവരങ്ങൾക്കും www.ncaah.ac.in സന്ദർശിക്കുക.

## നിയമസഭാ അന്താരാഷ്ട്ര പുസ്തകോത്സവം: മത്സരങ്ങൾ സംഘടിപ്പിക്കും

**തിരുവനന്തപുരം:** 2026 ജനുവരി 7 മുതൽ 13 വരെ നിയമസഭാ സമുച്ചയത്തിൽ സംഘടിപ്പിക്കുന്ന കേരള നിയമസഭാ അന്താരാഷ്ട്ര പുസ്തകോത്സവത്തിന്റെ നാലാം പതിപ്പിനോടനുബന്ധിച്ച് സ്കൂൾ, കോളേജ് വിദ്യാർഥികൾക്കും പൊതുജനങ്ങൾക്കുമായി പദ്യപാരായണം, പുസ്തകാസ്വാദനം, ഒരു കഥ പറയാം, റീൽസ്, ഹ്രസ്വചിത്രം എന്നീ ഇനങ്ങളിൽ ഓൺലൈൻ മത്സരങ്ങൾ സംഘടിപ്പിക്കും. വിജയികൾക്ക് ക്യാഷ് അവാർഡും പുസ്തക കൂപ്പണുകളും സർട്ടിഫിക്കറ്റും സമ്മാനമായി ലഭിക്കുന്നതാണ്. രജിസ്ട്രേഷൻ, നിബന്ധനകൾ തുടങ്ങിയ കൂടുതൽ വിവരങ്ങൾക്ക്: klibf.niyamasabha.org.

## തദ്ദേശ തെരഞ്ഞെടുപ്പിൽ പൂർണ്ണ സുതാര്യത ഉറപ്പാക്കും

**തിരുവനന്തപുരം:** തദ്ദേശ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് പ്രക്രിയയിൽ പൂർണ്ണമായ സുതാര്യത ഉറപ്പാക്കുമെന്ന് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണർ എ. ഷാജഹാൻ. സ്വതന്ത്രവും നീതിപൂർവ്വവുമായ തെരഞ്ഞെടുപ്പ് ഉറപ്പാക്കാൻ കർശനനിരീക്ഷണം നടത്തുന്നതിന് നിയോഗിച്ചിട്ടുള്ള പൊതുനിരീക്ഷകർ കമ്മീഷന്റെ കണ്ണും കാതുമായി പ്രവർത്തിക്കണം. കമ്മീഷണറുടെ അധ്യക്ഷതയിൽ ചേർന്ന പൊതുനിരീക്ഷകരുടെ ആദ്യ യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

സുഗമമായ തെരഞ്ഞെടുപ്പ് നടത്തിപ്പിൽ നിരീക്ഷകർക്ക് വളരെ പ്രധാനപ്പെട്ട സ്ഥാനമാണുള്ളത്. നോമിനേഷൻ സമർപ്പിക്കാനുള്ള അവസാന ദിവസം മുതൽ വോട്ടെണ്ണൽ പൂർത്തിയാകുന്നത് വരെയാണ് നിരീക്ഷകരുടെ പ്രവർത്തനം. ഈ കാലയളവിൽ ജില്ലയിലെ തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങളുടെ നിരീക്ഷണമാണ് മുഖ്യമായും നിർവഹിക്കേണ്ടത്. നിരീക്ഷകരുടെ പ്രവർത്തനം സംബന്ധിച്ച ചെക്ക് ലിസ്റ്റ് കമ്മീഷൻ നൽകും. എല്ലാ പോളിംഗ് കേന്ദ്രങ്ങളിലും മതിയായ മിനിമം സൗകര്യമുണ്ടെന്ന് ഉറപ്പാക്കണം.

മുൻകാല സംഭവങ്ങളുടെയും ക്രമസമാധാന റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിൽ പ്രശ്നബാധിത പോളിംഗ് സ്റ്റേഷനുകളിൽ ആവശ്യമായ പ്രത്യേക സുരക്ഷാ സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കണം. വനമേഖലകൾ, എത്തിപ്പെടാൻ പ്രയാസമുള്ള പ്രദേശങ്ങൾ, നക്സൽ പ്രവർത്തനമുള്ള സ്ഥലങ്ങൾ, സംസ്ഥാന അതിർത്തി പ്രദേശങ്ങൾ, അനധികൃതമായ മദ്യം, പണം, ലഹരിവസ്തുക്കൾ എന്നിവയുടെ നീക്കം തുടങ്ങിയ വിഷയങ്ങൾ കൃത്യമായി ശ്രദ്ധിക്കണമെന്നും കമ്മീഷൻ നിർദ്ദേശിച്ചു. മാതൃകാ പെരുമാറ്റച്ചട്ടം കൃത്യമായി പാലിക്കുന്നുണ്ടെന്നും, ആന്റി ഡിഫേസ്മെന്റ് സ്ക്വാഡ് നടപടിയെടുക്കുന്നുണ്ടെന്നും ഉറപ്പുവരുത്തണമെന്നും കമ്മീഷണർ ആവശ്യപ്പെട്ടു.

തെരഞ്ഞെടുപ്പ് പ്രക്രിയ പൂർത്തിയാക്കിയ ശേഷം എല്ലാ നിരീക്ഷകരും വിശദമായ റിപ്പോർട്ട് കമ്മീഷന് സമർപ്പിക്കണം. പാർലമെന്റ് ഇലക്ഷനും തദ്ദേശ സ്ഥാപന ഇലക്ഷനും തമ്മിൽ വോട്ടർമാരുടെയും നിയോജകമണ്ഡലങ്ങളുടെയും എണ്ണത്തിൽ മാത്രമാണ് വ്യത്യാസമുള്ളതെന്നും തെരഞ്ഞെടുപ്പ് പ്രക്രിയയുടെയും സംവിധാനങ്ങളുടെയും പ്രവർത്തനരീതി ഒരുപോലെ തന്നെയാണെന്നും കമ്മീഷൻ വ്യക്തമാക്കി.

സൊസൈറ്റി ടുഡേ
SOCIETY TODAY




# ആന്റിബയോട്ടിക് റെസിസ്റ്റൻസ് ബോധവത്കരണ വാരാചരണത്തിന് തുടക്കം

**കണ്ണൂർ:** ആന്റിബയോട്ടിക് സാക്ഷര കേരളം ആരോഗ്യ സുരക്ഷിത കേരളം എന്ന ലക്ഷ്യത്തോടെ നവംബർ 18 മുതൽ 24 വരെ ആചരിക്കുന്ന ആന്റിബയോട്ടിക് റെസിസ്റ്റൻസ് ബോധവത്കരണ വാരാചരണത്തിന് ജില്ലയിൽ തുടക്കമായി. കണ്ണൂർ ജില്ലാ ആശുപത്രിയിൽ ഡി.എം.ഒ ഇൻ ചാർജ് ഡോ. കെ ടി രേഖ പരിപാടിയുടെ ജില്ലാതല ഉദ്ഘാടനം നിർവ്വഹിച്ചു. ജില്ലാ ആശുപത്രി സൂപ്രണ്ട് ഡോ. എം. കെ ഷാജ് അധ്യക്ഷത വഹിച്ചു. ഡെപ്യൂട്ടി ഡി.എം.ഒ ഡോ. കെ. സി സച്ചിൻ ദിനാചരണ സന്ദേശം കൈമാറി. ജില്ലാ ആശുപത്രിയുടെ ആന്റിബയോട്ടിക് പോളിസി ജില്ലാ ആശുപത്രി സൂപ്രണ്ട് ജില്ലാ മെഡിക്കൽ ഓഫീസർക്ക് കൈമാറി പ്രകാശനം ചെയ്തു. ആരോഗ്യവകുപ്പ് പുറത്തിറക്കിയ ആന്റിബയോട്ടിക് സാക്ഷരകേരളം, ആരോഗ്യ സുരക്ഷിത കേരളം, നവജാത ശിശു സംരക്ഷണ വാരാചാരണം എന്നിവയുടെ പോസ്റ്ററുകൾ ഡോ. കെ. ടി രേഖ പ്രകാശനം ചെയ്തു. ജില്ലാ ആശുപത്രി ഡെപ്യൂട്ടി സൂപ്രണ്ട് ഡോ. ഗ്രിഫിൻ സുരേന്ദ്രൻ, ടെക്നിക്കൽ അസിസ്റ്റന്റ് കെ. ജി ഗോപിനാഥൻ, ചീഫ് നേഴ്സിംഗ് ഓഫീസർ ശാന്ത, ലേ സെക്രട്ടറി സജിത്ത്, ജില്ലാ ഡെപ്യൂട്ടി എജുക്കേഷൻ ആൻഡ് മീഡിയ ഓഫീസർ ടി.സുധീഷ് എന്നിവർ പങ്കെടുത്തു.

**ആന്റി ബയോട്ടിക് റെസിസ്റ്റൻസ് ബോധവത്കരണത്തിന്റെ പ്രാധാന്യം**

ആന്റിബയോട്ടിക് മരുന്നുകളുടെ ദുരുപയോഗം മൂലം അപകടകാരികളായ ബാക്ടീരിയകൾ ശക്തിപ്രാപിക്കുകയും അവയ്ക്കെതിരെ ചികിത്സ ഫലിക്കാതാവുകയും ചെയ്യും. ഇതിനെ ആന്റിമൈക്രോബിയൽ റെസിസ്റ്റൻസ് (എ.എം.ആർ) എന്ന് വിളിക്കുന്നു.




# സ്ത്രീകളുടെ ആരോഗ്യവും പോഷകാഹാരവും: ചർച്ച ചെയ്ത് ആസ്റ്റർ ന്യൂട്രികോൺ ദേശീയ സമ്മേളനം

**കൊച്ചി:** സ്ത്രീകളുടെ ജീവിതത്തിലെ വിവിധ ഘട്ടങ്ങളിലുള്ള ആരോഗ്യത്തെയും പോഷകാഹാരത്തെയും കുറിച്ച് സമഗ്രമായ ചർച്ചകൾ സംഘടിപ്പിച്ച് ആസ്റ്റർ ന്യൂട്രികോൺ 2025: ഹെർ ന്യൂട്രീഷൻ സമ്മിറ്റ്. ആസ്റ്റർ മെഡ്സിറ്റി ക്ലിനിക്കൽ ന്യൂട്രീഷൻ ആൻഡ് ഡയറ്ററ്റിക്സ് വിഭാഗത്തിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച ദേശീയ സമ്മേളനം രാജ്യസഭാംഗം അഡ്വ. ജെബി മേത്തർ എം.പി ഉദ്ഘാടനം ചെയ്തു. ആസ്റ്റർ മെഡ്സിറ്റി സി.ഇ.ഒ ഡോ. നളന്ദ ജയദേവ്, സി.എം.എസ് ഡോ. ദിലീപ് പണിക്കർ, ഗൈനക്കോളജി ആൻഡ് ഒബ്സ്റ്റെട്രിക്സ് വിഭാഗം മേധാവി ഡോ. സെറീന ഖാലിദ്, ചീഫ് ക്ലിനിക്കൽ ന്യൂട്രീഷനിസ്റ്റ് എം.എസ് സൂസൻ ഇട്ടി എന്നിവർ ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തു. സ്ത്രീകളുടെ ആരോഗ്യത്തിലെയും പോഷകാഹാരത്തിലെയും നിർണ്ണായക വശങ്ങൾ ചർച്ച ചെയ്ത സമ്മേളനത്തിൽ, വിവിധ ആശുപത്രികളിൽ നിന്നുള്ള ഡോക്ടർമാർ, ഡയറ്റീഷ്യൻമാർ, വിദ്യാർത്ഥികൾ ഉൾപ്പടെ ഇരുന്നൂറോളം പ്രതിനിധികൾ പങ്കെടുത്തു.

ഡോ. ബോബി മാത്യു, ഡോ. എസ്. സിന്ധു, ചെന്നൈ ആർട്ട് ഓഫ് ഈറ്റിംഗ് സ്ഥാപക ഷൈനി സുരേന്ദ്രൻ, ഡോ. ജിഷ വർഗീസ്, ഡോ. ലേഖ ശ്രീധരൻ, ഡോ. ലത ശശി, ഡോ. ജ്യോതി എസ്. കൃഷ്ണൻ എന്നിവർ വിവിധ സെഷനുകൾക്ക് നേതൃത്വം നൽകി.

# 2025 ലെ തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പ്; വിഡിയോ ചിത്രീകരണത്തിനായി ക്വട്ടേഷൻ ക്ഷണിച്ചു

**തൃശൂർ:** 2025ലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള പൊതുതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പ്രശ്നബാധിത ബൂത്തുകളിൽ പോളിംഗ് ദിവസം വോട്ടെടുപ്പിന് തടസ്സമില്ലാത്ത രീതിയിൽ പൂർണമായും വിഡിയോഗ്രഫി സംവിധാനം സജ്ജീകരിക്കുന്നതിനും, അതിന്റെ പകർപ്പ് ലഭ്യമാക്കുന്നതിനും താൽപര്യമുള്ള വിഡിയോ/ഫോട്ടോഗ്രാഫർമാരിൽ നിന്ന് മുദ്രവച്ച ക്വട്ടേഷൻ ക്ഷണിക്കുന്നു.

ചിത്രീകരണത്തിൽ തിയതി, സമയം എന്നിവ വ്യക്തമാക്കണം. വോട്ടെടുപ്പ് ദിനത്തിൽ ചിത്രീകരിച്ച സിഡി/ഡി.വി.ഡി അന്നേ ദിവസം വൈകുന്നേരമോ അടുത്ത ദിവസം രാവിലെയോ ജില്ല തിരഞ്ഞെടുപ്പ് ഓഫീസിൽ സമർപ്പിക്കണം. ചിത്രീകരിച്ച ദൃശ്യങ്ങൾ ജില്ലാതെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥനല്ലാതെ മറ്റൊരു വ്യക്തിക്ക് കൈമാറാൻ പാടില്ല.

ക്വട്ടേഷനിൽ നിയമപ്രകാരമുള്ള നികുതികൾ വ്യക്തമാക്കണം. മുൻകൂർ തുക അനുവദനീയമല്ല. ഒരു ദിവസത്തെ ചിത്രീകരണച്ചെലവ് (ക്യാമറ വാടക, ടി.എ/ഡി.എ, സിഡി/ഡി.വി.ഡി ചെലവ്) ക്വട്ടേഷനിൽ ഉൾപ്പെടുത്തണം. ആവശ്യാനുസരണം അധിക പകർപ്പുകളുടെ നിരക്കും ക്വട്ടേഷനിൽ രേഖപ്പെടുത്തണം. ക്വട്ടേഷൻ സമർപ്പിക്കുന്ന വ്യക്തിയോ സ്ഥാപനമോ ജില്ലാ കളക്ടർ മുമ്പാകെ കരാർ ഒപ്പിടണം.

ക്വട്ടേഷനോടൊപ്പം 5,000 രൂപ ഇ.എം.ഡി ജില്ലാ കളക്ടറുടെ പേരിലുള്ള ഡിമാൻഡ് ഡ്രാഫ്റ്റ് രൂപത്തിൽ സമർപ്പിക്കണം. കവറിന് പുറത്ത് 2025ലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള പൊതുതിരഞ്ഞെടുപ്പ് പ്രശ്നബാധിത ബൂത്തുകളിലെ വോട്ടെടുപ്പ് വീഡിയോ ചിത്രീകരണത്തിനുള്ള ക്വട്ടേഷൻ എന്ന് വ്യക്തമാക്കിയിരിക്കണം.

മുദ്രവച്ച കവറിൽ തയ്യാറാക്കിയ ക്വട്ടേഷനുകൾ നവംബർ 26 വൈകിട്ട് മൂന്ന് മണിക്ക് മുമ്പായി ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർ ആൻഡ് ജില്ലാ കളക്ടർ, തൃശൂർ എന്ന വിലാസത്തിൽ സമർപ്പിക്കേണ്ടതാണ്. സമർപ്പിച്ച ക്വട്ടേഷനുകൾ നവംബർ 26 വൈകിട്ട് നാല് മണിക്ക് തുറന്ന് പരിശോധിക്കും. ക്വട്ടേഷൻ നടപടിക്രമങ്ങളിൽ ജില്ലാ കളക്ടറുടെ തീരുമാനം അന്തിമമായിരിക്കും.

# പാവക്കുളത്ത് ശാസ്താംപാട്ടും വിളക്കും നവംബർ 22 ന്

**കൊച്ചി:** കലൂർ പാവക്കുളം ക്ഷേത്രത്തിലെ ഈ വർഷത്തെ മണ്ഡലം ചിറപ്പ് മഹോൽസവത്തോടനുബബിച്ച് നവംബർ 22 ന് വൈകീട്ട് ഏഴിന് കണ്ണൻകുളങ്ങര അയ്യപ്പ ഭക്ത ജന സംഘം അവതരിപ്പിക്കുന്ന ശാസ്താംപാട്ടും വിളക്കും നടക്കും. രാത്രി 10.30 ന് കലൂരിൽ നിന്ന് താലപ്പൊലി വാദ്യമേളങ്ങൾ എന്നിവയോടുകൂടി എതിരേൽപ്പ് ഉണ്ടാകുമെന്ന് ക്ഷേത്രസമിതി സെക്രട്ടറി കെ. പി മാധവൻകുട്ടി അറിയിച്ചു.

# തൃശൂർ ജില്ലാ റവന്യൂ കലോത്സവത്തിന് അരങ്ങുണർന്നു

**തൃശൂർ:** റവന്യൂ ജില്ലാ സ്കൂൾ കലോത്സവത്തിന് നൃത്ത സംഗീതാവിഷ്കാരങ്ങളോടെ വർണ്ണാഭമായ തുടക്കം. കലോത്സവത്തിന്റെ ഉദ്ഘാടനം ഇരിങ്ങാലക്കുട മുനിസിപ്പൽ ടൗൺഹാളിൽ സിനിമാതാരം ജയരാജ് വാര്യർ നിർവഹിച്ചു. വിദ്യാഭ്യാസ ഉപഡയറക്ടർ പി.എം. ബാലകൃഷ്ണൻ അധ്യക്ഷത വഹിച്ചു.

19 വേദികളിലായി അരങ്ങേറുന്ന കലോത്സവത്തിൽ ജില്ലയിലെ 8500ലേറെ വിദ്യാർത്ഥി പ്രതിഭകൾ മത്സരിക്കും. മുനിസിപ്പൽ ടൗൺഹാൾ പ്രധാന വേദിയായും ലിറ്റിൽ ഫ്ലവർ കോൺവെന്റ് ഗേൾസ് സ്കൂൾ, സെന്റ് മേരീസ് സ്കൂൾ, ഡോൺ ബോസ്കോ സ്കൂൾ എന്നിവ മറ്റ് മത്സരവേദികളായും സജ്ജീകരിച്ചിട്ടുണ്ട്. സംസ്കൃതോത്സവം നാഷണൽ സ്കൂളിലും അറബിക് കലോത്സവം ഗവ. എൽ.പി. സ്കൂളിലുമാണ് നടക്കുന്നത്.

രണ്ടാം ദിനം ഒപ്പന, മാപ്പിളപ്പാട്ട്, അക്ഷരശ്ലോകം, പ്രസംഗമത്സരം, കേരളനടനം, ചവിട്ടുനാടകം, പരിചമുട്ടുകളി, മോണോ ആക്ട്, മിമിക്രി, ശാസ്ത്രീയ സംഗീതം, ബാൻഡ് മേളം തുടങ്ങി വിവിധ ഇനങ്ങളിലെ മത്സരങ്ങൾ വിവിധ വേദികളിലായി നടന്നു.

സാഹിത്യകാരൻ അശോകൻ ചരുവിൽ, കൂടിയാട്ട കലാകാരൻ വേണുജി, കഥകളി കലാകാരൻമാരായ കലാനിലയം രാഘവനാശാൻ, സദനം കൃഷ്ണൻകുട്ടി, കൂടിയാട്ട കലാകാരൻ അമ്മന്നൂർ പരമേശ്വര ചാക്യാർ, സിനിമാ സംവിധായകൻ പ്രേംലാൽ, ചിത്രകാരി കവിത ബാലകൃഷ്ണൻ, കേരള സംഗീത നാടക അക്കാദമി എക്സിക്യൂട്ടീവ് അംഗം രേണു രാമനാഥൻ എന്നിവർ മുഖ്യാതിഥികളായി. സ്വാഗത ഗാനത്തിന് സംഗീതം നൽകിയ സനൽ ശശീന്ദ്രനെയും കലോത്സവ ലോഗോ രൂപകൽപ്പന ചെയ്ത ജിന്റോ ജോസഫിനെയും ചടങ്ങിൽ ആദരിച്ചു.

സ്വച്ഛ് സർവ്വേക്ഷൺ 2025 ദേശീയ ശുചിത്വ സർവേയുടെ ഭാഗമായി സീറോ വേസ്റ്റ് ഇവന്റ് എന്ന പദ്ധതിയിൽ പ്രവർത്തിക്കുന്ന ഗ്രീൻപ്രോട്ടോകോൾ വളന്റിയേഴ്സിന് ശുചിത്വ മിഷനും ഇരിങ്ങാലക്കുട നഗരസഭയും ചേർന്ന് നൽകുന്ന ടീഷർട്ടുകൾ ജയരാജ് വാര്യർ വിതരണം ചെയ്തു.

ജില്ലാ വിദ്യാഭ്യാസ ഓഫീസർ ടി. ഷൈല, എറണാകുളം മേഖല ഹയർ സെക്കൻഡറി ആർ.ഡി.ഡി. ഡോ. ഡി.ജെ. സതീഷ്, തൃശൂർ പ്രിൻസിപ്പാൾ ഡയറ്റ് ഡോ. ഡി. ശ്രീജ, അസി. ഡയറക്ടർ വി.എച്ച്.എസ്.ഇ. നവീന പി, തൃശൂർ ഡി.പി.സി. എസ്.എസ്.കെ. ഡോ. ബിനോയ് എൻ.ജെ, ചാവക്കാട് ഡി.ഇ.ഒ. രാധ ടി, ഇരിങ്ങാലക്കുട എ.ഇ.ഒ. രാജീവ് എം.എസ്, തൃശൂർ വെസ്റ്റ് എ.ഇ.ഒ. ബിജു പി.ജെ, ചാലക്കുടി എ.ഇ.ഒ. നിഷ പി.ബി, ചേർപ്പ് എ.ഇ.ഒ. എം.വി സുനിൽകുമാർ, മാള എ.ഇ.ഒ. സുരേഷ് കെ.കെ, ചാവക്കാട് എ.ഇ.ഒ. സിന്ധു വി.ബി, സ്വീകരണ കമ്മിറ്റി കൺവീനർ സ്വപ്ന സി.വി തുടങ്ങിയവർ പങ്കെടുത്തു.

# അപേക്ഷ ക്ഷണിച്ചു

**തൃശൂർ:** കേരള സർക്കാരിന്റെ നൈപുണ്യ വികസന സംരംഭമായ അസാപ് കേരളയുടെ കമ്മ്യൂണിറ്റി സ്കിൽ പാർക്ക് ലക്കിടിയിൽ ഫിറ്റ്നസ് ട്രെയിനർ കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. 18 വയസ്സ് പൂർത്തിയായ പ്ലസ് ടു വിദ്യാഭ്യാസ യോഗ്യതയുള്ളവർക്ക് പുതിയ ബാച്ചിലേക്ക് പ്രവേശനം നേടാം.

കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നവർക്ക് കേന്ദ്ര നൈപുണ്യ വികസന മന്ത്രാലയത്തിന്റെ കീഴിലുള്ള സ്പോർട്സ് ആൻഡ് ഫിറ്റ്നസ് സെക്ടർ സ്കിൽ കൗൺസിൽ നൽകുന്ന എൻ.സി.വി.ഇ.ടി ലെവൽ 4 സർട്ടിഫിക്കറ്റ് ലഭിക്കും. ഇൻസ്റ്റാൾമെന്റ് സൗകര്യത്തിൽ ഫീസ് അടയ്ക്കാം.

കോഴ്സിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ https://forms.gle/bW3ZExKEYUn4uGSq7 എന്ന ലിങ്ക് വഴി അപേക്ഷിക്കുക. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 9495999667, 9895967998.

സൊസൈറ്റി ടുഡേ
SOCIETY TODAY

# ധാരണാ പത്രം ഒപ്പു വെച്ചു



സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് വിദ്യാർഥികളുടെ ശാക്തീകരണം ലക്ഷ്യമിട്ട് ആർക്കൈറ്റ് സ്കൂൾ ഓഫ് ടെക്നിക്കൽ എഡ്യുക്കേഷനും റിപെയർ കൊച്ചി റിനോവേഷൻസും സഹകരിക്കുന്നതിന്റെ ഭാഗമായുള്ള ധാരണാപത്രം റിപെയർ റെനോവേഷൻസിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ആർക്കിടെക്ട് ശ്യാം ആർക്കൈറ്റ് ടെക്നിക്കൽ ഡയറക്ടർ എഞ്ചിനീയർ നിബിൻ ലൂക്ക് മാത്യുവിന് കൈമാറുന്നു. ചീഫ് ഗ്രോത്ത് ഓഫീസർ എഞ്ചിനീയർ എസ്. മുഹമ്മദ് സജിനും മറ്റ് ഉദ്യോഗസ്ഥരും സമീപം.

**കൊച്ചി:** സാങ്കേതിക വിദ്യാഭ്യാസ രംഗത്തെ പ്രമുഖ വിദ്യഭ്യാസ സ്ഥാപനമായ കൊച്ചിയിലെ ആർക്കൈറ്റ് സ്കൂൾ ഓഫ് ടെക്നിക്കൽ എഡ്യുക്കേഷനും റിപെയർ കൊച്ചി റിനോവേഷൻസും തമ്മിൽ ധാരണാ പത്രം ഒപ്പിട്ടു. കെട്ടിട നവീകരണം, ഇന്റീരിയർ നിർമാണം, പരിപാലനം എന്നീ മേഖലകളിലെ മുൻ നിര സ്ഥാപനമാണ് റിപെയർ കൊച്ചി റിനോവേഷൻ. ആർക്കൈറ്റ് ടെക്നിക്കൽ ഡയറക്ടർ എഞ്ചിനീയർ നിബിൻ ലൂക്ക് മാത്യു, ചീഫ് ഗ്രോത്ത് ഓഫീസർ എഞ്ചിനീയർ എസ്. മുഹമ്മദ് സജിൻ, റിപെയർ റെനോവേഷൻസിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ആർക്കിടെക്ട് ശ്യാം എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

വിദ്യാർത്ഥികൾക്ക് ക്ലാസ്റൂം പഠനം വഴി ലഭിക്കുന്ന അറിവുകളെ വ്യവസായ പദ്ധതികളിൽ പ്രായോഗിക പരിശീലനം ലഭിക്കുന്നതിന് ഇത് സഹായകരമാകുമെന്ന് ആർക്കൈറ്റ് ടെക്നിക്കൽ ഡയറക്ടർ എഞ്ചിനീയർ നിബിൻ ലൂക്ക് മാത്യു, റിപെയർ റെനോവേഷൻസിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ആർക്കിടെക്ട് ശ്യാം എന്നിവർ പറഞ്ഞു.

# ഡോൾബി, മ്യൂസിക് 247– മഹീന്ദ്ര സഹരണം പ്രഖ്യാപിച്ചു

**കൊച്ചി :** ഡോൾബിയും മ്യൂസിക്247 ഉം മഹീന്ദ്രയുമായി കൈകോർക്കുന്നു. കൊച്ചിയിൽ നടന്ന ചടങ്ങിൽ ഡോൾബി അറ്റ്മോസ് മ്യൂസിക്കിന്റെ അനന്തസാധ്യതകൾ അവതരിപ്പിച്ചു. സ്റ്റുഡിയോയിൽ നിന്നും സിനിമയിലേക്കും അവിടെനിന്ന് കാറുകളിലേക്കും മികച്ച ശബ്ദാനുഭവം എങ്ങനെ കൈമാറാം എന്നതായിരുന്നു അവതരണം. രഞ്ജിൻ രാജ് വർമ്മ സംഗീതം നൽകിയ 'പൊങ്കാല' എന്ന ചിത്രത്തിലെ 'രാവിന്റെ ഏകാന്ത' എന്ന ഗാനം തീയേറ്ററിലും തുടർന്ന് ഡോൾബി സൗകര്യമുള്ള മഹീന്ദ്ര എക്സ് യുവി 3 എക്സ്ഒയിലും പ്രദർശിപ്പിച്ചു. കൂടുതൽ വ്യക്തതയോടെയും വൈകാരികതയോടെയും സംഗീതം ആസ്വാദകരിലെത്തിക്കാൻ ഡോൾബി അറ്റ്മോസ് തങ്ങളെ സഹായിക്കുന്നുവെന്ന് മ്യൂസിക്247 സ്ഥാപകനും മാനേജിംഗ് പാർട്ണറുമായ നവീൻ ഭണ്ഡാരി പറഞ്ഞു.

## ടാസ്ക് വാർഷിക സംഗമം 'സിനെർജി 2025' നാളെ കൊച്ചിയിൽ

**കൊച്ചി:** ട്രാവൽ ആൻഡ് ടൂർസ് ഏജന്റ്സ് സർവൈവൽ കേരള (ടാസ്ക്) സംഘടിപ്പിക്കുന്ന വാർഷിക സംഗമമായ സിനെർജി 2025 നാളെ വൈകിട്ട് 4.30ന് കൊച്ചിയിൽ നടക്കും. എറണാകുളം താജ് വിവാന്തയിൽ നടക്കുന്ന ചടങ്ങിൽ സംസ്ഥാനത്തെ ട്രാവൽ പ്രൊഫഷണലുകൾ, വ്യവസായ പ്രമുഖർ, വ്യോമയാന മേഖലയിലെ പ്രതിനിധികൾ, രാഷ്ട്രീയ പ്രമുഖർ തുടങ്ങിയവർ സംബന്ധിക്കും.

task
Travel & tours Agents Survival Keralites
REG NO : MPM/CA/222/2021

മന്ത്രി പി.രാജീവ് ഉദ്ഘാടനം ചെയ്യും. ഇന്ത്യയുടെ ട്രാവൽ വ്യവസായത്തിൽ ആഗോള തലത്തിൽ മാറ്റം കൊണ്ടുവന്ന അക്ബർ ഗ്രൂപ്പ് സ്ഥാപകനും സിഎംഡിയുമായ കെ.വി അബ്ദുൽ നാസറിനെ ടാസ്ക് ലൈഫ് ടൈം ട്രാവൽ എക്സലൻസ് അവാർഡ് 2025 നൽകി ചടങ്ങിൽ ആദരിക്കും. പരിപാടിയുടെ ഭാഗമായി ടൂറിസം രംഗത്തെ പുതിയ പ്രവണതകളും വെല്ലുവിളികളും ചർച്ച ചെയ്യുന്ന ആശയവിനിമയ സെഷനുകൾ, പങ്കാളിത്ത സ്ഥാപനങ്ങളുടെ അവതരണങ്ങൾ, സ്റ്റാളുകൾ, നെറ്റ്വർക്കിങ് അവസരങ്ങൾ എന്നിവയും ഒരുക്കിയിട്ടുണ്ട്. കേരളത്തിലെ ട്രാവൽ കമ്മ്യൂണിറ്റിയെ കൂടുതൽ ഏകോപിതവും ശക്തവുമായ ഒരു കൂട്ടായ്മയാക്കി മാറ്റുന്ന സംഘടനയുടെ ദീർഘകാല ദൗത്യത്തിന്റെ ഭാഗമാണ് സിനെർജി 2025 എന്ന് ടാസ്ക് പ്രസിഡന്റ് രാജേഷ് ചന്ദ്രൻ, ജനറൽ സെക്രട്ടറി ജുബൈർ സി.കെ, സിനെർജി 2025 പ്രോഗ്രാം കൺവീനർ അബ്ബാസ് പി.കെ എന്നിവർ പറഞ്ഞു.




# കൊച്ചി നേവി മാരത്തോൺ: രജിസ്ട്രേഷൻ ആറായിരം കടന്നു; ജേഴ്സി പ്രകാശനം ചെയ്തു

**കൊച്ചി:** സതേൺ നേവൽ കമാൻഡിന്റെ നേതൃത്വത്തിൽ ഡിസംബർ 21 ന് നടത്തുന്ന ആറാമത് കൊച്ചി നേവി മാരത്തോണിൽ പങ്കെടുക്കുന്നതിനുള്ള പ്രതിനിധികളുടെ രജിസ്ട്രേഷൻ ആറായിരം കടന്നു.

മാരത്തോണിന്റെ ജേഴ്സി പ്രകാശനം കൊച്ചിയിലെ നാവികാസ്ഥാനത്ത് നടന്ന ചടങ്ങിൽ സതേൺ നേവൽ കമാൻഡ് റിയർ അഡ്മിറൽ ഉപൽ കുണ്ടു നിർവ്വഹിച്ചു.

കമ്മഡോർ സുധീർ റെഡ്ഡി, ഡിഫൻസ് പിആർഒ കമാൻഡർ അതുൽ പിള്ള, ക്യാപ്റ്റൻ പ്രവീൺ, ടി. സുധീപ് കുമാർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു. കേരളത്തിന്റെ ഭൂപ്രകൃതിയുടെയും കൊച്ചിയുടെ പൈതൃകത്തിന്റെയും വിവിധ ദൃശ്യങ്ങൾ കോർത്തിണക്കിയാണ് ജേഴ്സി രൂപകൽപ്പന ചെയ്തിരിക്കുന്നത്.

മാരത്തണിൽ പങ്കെടുക്കാൻ ഏതാനും പേർക്ക് കൂടി അവസരമുണ്ട്. www.kochinavymarathon.com എന്ന വെബ്സൈറ്റ് വഴി പേര് രജിസ്റ്റർ ചെയ്യാവുന്നതാണെന്ന് കൊച്ചി നേവി മാരത്തോൺ സംഘാടകർ പറഞ്ഞു.

# പ്രമേഹ ബോധവൽക്കരണം : വാക്കത്തോൺ നടത്തി




പ്രമേഹ ബോധവൽക്കരണത്തിന്റെ ഭാഗമായി ഇടപ്പള്ളി ഐ ഫൗണ്ടേഷൻ ഐ ഹോസ്പിറ്റൽ സംഘടിപ്പിച്ച വാക്കത്തോണിന്റെ ഫ്ളാഗ് ഓഫ് ആശുപത്രി അങ്കണത്തിൽ എളമക്കര പോലീസ് സബ് ഇൻസ്പെക്ടർ ആനി ശിവ നിർവ്വഹിക്കുന്നു. ചുരാവൻ ലാലു, ഡോ.ഉമേഷ് കൃഷ്ണ, എസ്. അജിത് കുമാർ, എജോ ജോസഫ്, ഡോ. പ്രവീൺ മുരളി, എ.ടി ദയാനിധി,തമിഴ് സെൽവൻ തുടങ്ങിയവർ സമീപം.

**കൊച്ചി:** പ്രമേഹ ബോധവൽക്കരണത്തിന്റെ ഭാഗമായി ഐ ഫൗണ്ടേഷൻ ഐ ഹോസ്പിറ്റൽ വാക്കത്തോൺ സംഘടിപ്പിച്ചു. വാക്കത്തോണിന്റെ ഫ്ളാഗ് ഓഫ് ആശുപത്രി അങ്കണത്തിൽ എളമക്കര പോലീസ് സബ് ഇൻസ്പെക്ടർ ആനി ശിവ നിർവ്വഹിച്ചു. മെഡിക്കൽ സൂപ്രണ്ട് ഡോ. പ്രവീൺ മുരളി , ഒപ്റ്റോമെട്രി മേധാവി ചുരാവൻ ലാലു, ഗ്ലൂക്കോമ സർജൻ ഡോ. ഉമേഷ് കൃഷ്ണ, റീജണൽ മാനേജർ തമിഴ് സെൽവൻ, മാനേജർ എ.ടി ദയാനിധി, മാർക്കറ്റിംഗ് മാനേജർ എസ്. അജിത് കുമാർ, ഇന്റർനാഷണൽ പേഷ്യന്റ് റിലേഷൻസ് മാനേജർ എജോ ജോസഫ് തുടങ്ങിയവർ പ്രസംഗിച്ചു. ആശുപത്രി അങ്കണത്തിൽ നിന്നും ആരംഭിച്ച വാക്കത്തോണിൽ പെരുമ്പാവൂർ ജയ്ഭാരത് കോളജിലെ വിദ്യാർത്ഥികളും പങ്കെടുത്തു. പ്രമേഹ ബോധവൽക്കരണത്തിന്റെ ഭാഗമായി ഡിസംബർ 15 വരെ സൗജന്യ ഡയബറ്റിക് റെറ്റിനോപ്പതി ക്യാമ്പും സംഘടിപ്പിച്ചിട്ടുണ്ട്.

# കൊച്ചിൻ മെഗാ ഫ്ളവർ ഷോ നാളെ മുതൽ മറൈൻ ഡ്രൈവിൽ

**കൊച്ചി:** അഗ്രികൾച്ചറൽ പ്രമോഷണൽ സൊസൈറ്റി സംഘടിപ്പിക്കുന്ന കൊച്ചിൻ മെഗാ ഫ്ളവർ ഷോ നാളെ മറൈൻ ഡ്രൈവ് മൈതാനിയിൽ ആരംഭിക്കും. നാട്ടിൻ പുറങ്ങളിൽ കാണുന്ന ഡാലിയയുടെ ചെറു രൂപമായ മിനിയേച്ചർ ഡാലിയ മുതൽ ജെറബെറ, ക്രേസന്തിന തുടങ്ങിയ വിദേശികൾ വരെ മറൈൻ ഡ്രൈവിൽ പൂത്തുലയും. 70 ഇനങ്ങളിലായി ആയിരത്തോളം വൈവിധ്യങ്ങളിലുള്ള ന്യൂജെൻ പൂക്കളാണ് ഇത്തവണത്തെ പ്രത്യേകത.

ബോൺസായ് ചെടികൾ, വിദേശ ജമന്തികൾ, സിൽവർ ഡസ്റ്റ്, ടോറാനിയം, ഫൈബർ ബാൾ തുടങ്ങിയ പൂക്കളുടെ വലിയ ശേഖരം തന്നെ ഒരുക്കുന്നുണ്ട്. വിവിധയിനം ഫല വൃക്ഷ തൈകൾ, ചെടികൾ, വിത്തുകൾ എന്നിവ മേളയിൽ ലഭിക്കും. ഇൻഡോർ, ഔട്ട് ഡോർ ചെടികളുടെ വിപുലമായ ശേഖരവും ഒരുക്കിയിട്ടുണ്ട്.

പുഷ്പ മേളയുടെ ഭാഗമായി പത്ത് ദിനങ്ങളിലും കലാപരിപാടികൾ ഉണ്ടാകും. പുഷ്പ മേളയുടെ ഭാഗമായി വിവിധ മത്സരങ്ങളും സംഘടിപ്പിച്ചിട്ടുണ്ട്. ഫോട്ടോ എടുക്കാൻ അവസരമൊരുക്കി നിരവധി സെൽഫി പോയിന്റുകളും ഒരുക്കിയിട്ടുണ്ട്. കുടുംബത്തോടൊപ്പമെത്തി ഭക്ഷണം കഴിക്കാൻ വിശാലമായ ഫുഡ് കോർട്ടുകളും ഉണ്ടാകും. അഞ്ച് വയസ് വരെയുള്ള കുട്ടികൾക്ക് പ്രവേശനം സൗജന്യമാണ്.

മുതിർന്നവർക്ക് 100 രൂപയാണ് ടിക്കറ്റ് നിരക്ക്. രാവിലെ 11 മുതൽ രാത്രി 10 വരെയാണ് പ്രദർശനം. സ്ക്കൂളുകളിൽ നിന്ന് ഗ്രൂപ്പായി എത്തുന്ന വിദ്യാർഥികൾക്ക് ടിക്കറ്റ് നിരക്കിൽ പ്രത്യേക ഇളവ് ലഭിക്കുമെന്ന് അഗ്രികൾച്ചറൽ പ്രമോഷണൽ സൊസൈറ്റി ഭാരവാഹികൾ വാർത്താസമ്മേളനത്തിൽ അറിയിച്ചു.



# നട്ടെല്ല് ശസ്ത്രക്രിയ: അതിനൂതന സാങ്കേതിക വിദ്യയുമായി ജൂബിലി മിഷൻ മെഡിക്കൽ കോളേജ്

**തൃശൂർ:** നട്ടെല്ല് ശസ്ത്രക്രിയയിൽ സംസ്ഥാനത്ത് പുതിയ നാഴികക്കല്ലാവുന്ന യൂണിലാറ്ററൽ ബൈപോർട്ടൽ എൻഡോസ്കോപ്പിക് (യുബിഇ) സിസ്റ്റം തൃശൂർ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ സ്ഥാപിച്ചു. ജർമ്മൻ മെഡിക്കൽ ടെക്നോളജി കമ്പനിയായ റിച്ചാർഡ് വുൾഫ് ജിഎംബിഎച്ച് വികസിപ്പിച്ച ഈ സാങ്കേതിക വിദ്യ അന്താരാഷ്ട്ര തലത്തിൽ പ്രശസ്തമാണ്. ഹെർണിയേറ്റഡ് ഡിസ്കുകൾ പോലുള്ള അവസ്ഥകളെ ചികിത്സിക്കുന്നതിനായി യുബിഇ സിസ്റ്റം സഹായിക്കുമെന്ന് ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ ന്യൂറോസർജറി മേധാവി ഡോ. എൻ. ഐ കുര്യൻ പറഞ്ഞു. യുബിഇ സാങ്കേതികത മികച്ച ഒരു ബൈപോർട്ടൽ രീതിയാണ് ഉപയോഗിക്കുന്നത്. ഒന്ന് വഴി നട്ടെല്ലിന്റെ ആന്തരിക ദൃശ്യങ്ങളും മറ്റൊന്ന് വഴി ചികിത്സാ നടപടിക്രമവും സാധ്യമാവും. സങ്കീർണ്ണമായ കേസുകളിൽ നട്ടെല്ലിന്റെ ഇരുവശങ്ങളിലുമുള്ള ശസ്ത്രക്രിയകൾ ഒരേ സമയം തന്നെ നടത്താൻ ശസ്ത്രക്രിയാ വിദഗ്ധർക്ക് കഴിയുമെന്നും ഡോ. എൻ. ഐ കുര്യൻ പറഞ്ഞു. നട്ടെല്ലിന് നടത്തിയ ആദ്യ ശസ്ത്രക്രിയയിൽ നിന്നുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള രണ്ടാമത്തെ ശസ്ത്രക്രിയ അഥവാ റിവിഷൻ സർജറി ചുറ്റുമുള്ള കോശ കലകൾക്ക് കാര്യമായ കേടുവരാതെ നടത്താൻ താക്കോൽ ദ്വാരം വഴിയുള്ള ഈ ബൈപോർട്ടൽ ശസ്ത്രക്രിയാ രീതി സഹായിക്കും.

താക്കോൽ ദ്വാരം വഴി നടത്തുന്ന ഓപ്പൺ മൈക്രോസ്കോപ്പിക് ഡിസ്കെക്ടമി, നട്ടെല്ലിന്റെ പല അവസ്ഥകൾക്കും ഏറെ നല്ല ചികിത്സയാണ്. എന്നാൽ ശസ്ത്രക്രിയയിൽ കൂടുതൽ മൃദുവായ കോശജാലങ്ങൾ കൈകാര്യം ചെയ്യാൻ കഴിയുന്നതാണ് പുതിയ സാങ്കേതിക വിദ്യ. ഈ സാങ്കേതികവിദ്യ രക്തനഷ്ടം കുറയ്ക്കുന്നതിനും, ശസ്ത്രക്രിയാനന്തര വേദന കുറയ്ക്കുന്നതിനും, വളരെ വേഗത്തിൽ സുഖം പ്രാപിക്കാനും സഹായിക്കും. ഉദ്ഘാടന ചടങ്ങിൽ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുര്യൻ, അസിസ്റ്റന്റ് ഡയറക്ടർ ഫാ. സിന്റോ കരേപറമ്പൻ, മെഡിക്കൽ സൂപ്രണ്ട് ഡോ. ഷിബു കള്ളിവളപ്പിൽ, ന്യൂറോസർജൻ ഡോ. എസ്. രമേശ്, ചീഫ് കാർഡിയോളജിസ്റ്റ് ഡോ. ഗോവിന്ദൻ ഉണ്ണി, ഇൻചാർജ് സിസ്റ്റർ റെജീന, സ്റ്റെല്ലാർ സർജി സിസ്റ്റം ഡയറക്ടർ സജിത്ത് റഹ്മാൻ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

# പേര്യയിലും ഇന്റർനെറ്റ് സംവിധാനം; കണക്ഷൻ നൽകി കെഫോൺ

**വയനാട് :** മൊബൈൽ നെറ്റ്വർക്ക് ലഭ്യമല്ലാത്ത വയനാട് പേര്യ നിവാസികൾക്ക് ആശ്വാസമായി കെഫോൺ കണക്ഷൻ. മുഖ്യമന്ത്രിയ്ക്ക് പേര്യ -34 നിവാസികൾ നൽകിയ അപേക്ഷയെത്തുടർന്നാണ് കെഫോൺ അധികൃതർ അടിയന്തരമായി ഇടപെട്ട് കണക്ഷൻ ലഭ്യമാക്കിയത്.

ഇന്റർനെറ്റിന്റെ അഭാവം മൂലം വിദ്യാഭ്യാസം, തൊഴിലവസരങ്ങൾ, അത്യാവശ്യ ആശയവിനിമയം തുടങ്ങിയ കാര്യങ്ങളിൽ ബുദ്ധിമുട്ടിയിരുന്ന പ്രദേശവാസികൾക്ക് അടിയന്തരമായി കെഫോൺ കണക്ഷനുകൾ ലഭ്യമായതോടെ ദീർഘകാലമായുള്ള പ്രശ്നത്തിന് പരിഹാരമായതായി കെഫോൺ മാനേജിങ് ഡയറക്ടർ ഡോ. സന്തോഷ് ബാബു പറഞ്ഞു. ഇന്റർനെറ്റിന്റെ അഭാവം കുട്ടികളുടെ പഠനത്തെയും ദൈനംദിന ജീവിതത്തെയും സാരമായി ബാധിച്ചിരുന്നു. ഈ പ്രതിസന്ധി അവസാനിപ്പിക്കാനുള്ള സംവിധാനങ്ങളാണ് നിലവിൽ നടപ്പിലാക്കിയിരിക്കുന്നത്. സമൂഹത്തിലെ ഒരു വ്യക്തിപോലും ഇന്റർനെറ്റിന്റെ പേരിൽ മാറ്റിനിർത്തപ്പെടരുതെന്ന ലക്ഷ്യത്തോടെയാണ് കെഫോൺ പ്രവർത്തിക്കുന്നതെന്നും ഡോ. സന്തോഷ് ബാബു പറഞ്ഞു.

40 കുടുംബങ്ങൾ വസിക്കുന്ന ഈ പ്രദേശത്തെ 25 ഓളം വീടുകളിൽ കണക്ഷൻ നൽകി കഴിഞ്ഞു. വരും ദിവസങ്ങളിൽ കൂടുതൽ വീടുകളിലേക്ക് കണക്ഷൻ വ്യാപിപ്പിക്കും.

ഇന്റർനെറ്റ് എത്തിച്ചേരാൻ പ്രയാസമേറിയ ഇത്തരം മേഖലകളിൽ ഫൈബറുകൾ വിന്യസിക്കുന്നതിലൂടെ ഈ പ്രദേശത്തും സമീപപ്രദേശങ്ങളിലും മികച്ച ഇന്റർനെറ്റ് കണക്ഷനും അനുബന്ധ സേവനങ്ങളും ഉറപ്പാക്കാൻ സാധിക്കുമെന്നും അധികൃതർ പറഞ്ഞു.

# 50,000 വിൻഡ്സർ വിറ്റഴിച്ച് എം.ജി മോട്ടോർ ഇന്ത്യ

**കൊച്ചി:** ഇലക്ട്രിക് കാർ വിൽപനയിൽ ചരിത്രം സൃഷ്ടിച്ച് എം.ജി വിൻഡ്സർ. കേവലം ഒരു വർഷം കൊണ്ട് 50,000 വിൻഡ്സറുകൾ വിറ്റഴിച്ച് വിപണിയിൽ പുതുതരംഗമാവുകയാണ് എം.ജി മോട്ടോർ പുറത്തിറക്കിയ വിൻഡ്സർ ഇ.വി.

ഓരോ മണിക്കൂറിലും അഞ്ച് വിൻഡ്സർ ഇവി വീതമാണ് നിരത്തിലിറങ്ങുന്നതെന്ന് എം.ജി മോട്ടോർസ് മാനേജിംഗ് ഡയറക്ടർ അനുരാഗ് മെഹ്റോത്ര പറഞ്ഞു. ഇത് ചരിത്ര നേട്ടമാണ്. ഇതോടെ 50000 യൂണിറ്റെന്ന റെക്കോഡ് വിൽപ്പന മറികടക്കുന്ന ഇന്ത്യയിലെ ആദ്യത്തെ ഇലക്ട്രിക് വാഹനമായി എം.ജി വിൻഡ്സർ മാറി, നഗരങ്ങൾക്കൊപ്പം, മെട്രോ ഇതര വിപണികളിൽ നിന്നും എം.ജി വിൻഡ്സറിന് ആവേശകരമായ സ്വീ




കാര്യതയാണ് ലഭിക്കുന്നത്. എതിരാളികളുമായി തട്ടിച്ച് നോക്കുമ്പോൾ താങ്ങാനാവുന്ന വില, പ്രായോഗികത, പ്രീമിയം ഫീച്ചറുകൾ എന്നിവയാണ് വിൻഡ്സർ ഇവിയെ ജനപ്രിയമാക്കുന്ന ഘടകങ്ങൾ.

ആധുനിക സാങ്കേതികവിദ്യ, ആഡംബര സവിശേഷതകൾ, വിശ്വസനീയമായ ചാർജിംഗ് നെറ്റ്വർക്ക് എന്നിവയും എം.ജി വിൻഡ്സർ ഇവിക്ക് മുതൽക്കൂട്ടായി മാറിയെന്നും അനുരാഗ് മെഹ്റോത്ര പറഞ്ഞു.

വാഹനത്തിൽ നിരവധി ഫീച്ചറുകളാണ് എം.ജി ഒരുക്കിയിരിക്കുന്നത്. ഡ്യുവൽ ടോൺ ഇന്റീരിയർ, ആംബിയന്റ് ലൈറ്റിംഗ്, ഇൻഫിനിറ്റി ഗ്ലാസ് റൂഫ്, ഫ്രണ്ട് സീറ്റ് വെന്റിലേഷൻ, 15.6 ഇഞ്ച് ഇൻഫോടെയ്ൻമെന്റ് സിസ്റ്റം, ആപ്പിൾ കാർ പ്ലേ, ആൻഡ്രോയിഡ് ഓട്ടോ, നാല് സ്പീക്കറുകൾ, നാല് ട്വീറ്ററുകൾ, സബ് വൂഫർ, ഡിജിറ്റൽ ഇൻസ്ട്രുമെന്റ് ക്ലസ്റ്റർ, വയർലെസ് സ്മാർട്ട്ഫോൺ ചാർജർ, വുഡൻ ഫിനിഷ്, 604 ലിറ്റർ ബൂട്ട് സ്പേസ് എന്നീ സവിശേഷതകൾ ഒരുക്കിയിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

# ക്രോണിക് ലംഗ് ഡിസീസ് ക്ലിനിക് ആരംഭിച്ചു

**കൊച്ചി:** തുടർച്ചയായ ശ്വാസകോശ ആരോഗ്യപ്രശ്നങ്ങൾ നേരിടുന്നവർക്കായി എറണാകുളം വി.പി.എസ് ലേക്ഷോർ ആശുപത്രിയിൽ ക്രോണിക് ലംഗ് ഡിസീസ് ക്ലിനിക് (സി.എൽ.ഡി.സി) പ്രവർത്തനം ആരംഭിച്ചു. വി.പി.എസ് ലേക്ഷോർ ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ മാനേജിങ് ഡയറക്ടർ എസ്.കെ. അബ്ദുല്ല അധ്യക്ഷത വഹിച്ചു. കെ.ബാബു എം.എൽ.എ ഉദ്ഘാടനം നിർവഹിച്ചു. സമൂഹ മാധ്യമ ഇൻഫ്ളുവൻസർ അഞ്ജന ഷാജി മുഖ്യാതിഥിയായിരുന്നു. സർജിക്കൽ ഗാസ്ട്രോഎന്ററോളജി ഡയറക്ടർ ഡോ. എച്ച്. രമേഷ്, പൾമണറി മെഡിസിൻ സീനിയർ കൺസൾട്ടന്റ് ഡോ. ഹരി ലക്ഷ്മണൻ, ഡോ. കെ.കെ. മുജീബ് റഹ്മാൻ തുടങ്ങിയവർ സംസാരിച്ചു. സി.ഒ.പി.ഡി, ബ്രോങ്കൈക്ടസിസ്, പൾമണറി ഫൈബ്രോസിസ് തുടങ്ങി വിട്ടുമാറാത്ത ശ്വാസകോശ സംബന്ധമായ രോഗങ്ങളാൽ വലയുന്നവർക്ക് ബഹുമുഖ പിന്തുണ നൽകി ജീവിത നിലവാരം ഉയർത്തുകയാണ് സി.എൽ.ഡി.സി ക്ലിനിക്കിലൂടെ ലക്ഷ്യമിടുന്നതെന്ന് മാനേജിങ് ഡയറക്ടർ എസ്.കെ. അബ്ദുല്ല പറഞ്ഞു.

# ലോബ ഗ്ലോബൽ ലീഡർഷിപ്പ് അവാർഡ് പ്രഖ്യാപിച്ചു

**തിരുവനന്തപുരം:** ലോബ (ലൊയോള ഓൾഡ് ബാച്ചസ് അസോസിയേഷൻ) ഗ്ലോബൽ ലീഡർഷിപ്പ് അവാർഡ് 2025ന് ബ്രഹ്മോസ് എയ്റോസ്പെയ്സ് സി.ഇ.ഒ ആൻഡ് ഡി.ആർ.ഡി.ഒ ഡയറക്ടർ ജനറൽ അതുൽ ദിനകർ റാണെയും യങ്ങ് അച്ചീവർ അവാർഡ് വൈ അൾട്ടിമേറ്റ് കോ-ഫൗണ്ടർ ബിനോയ് സ്റ്റീഫനും അർഹരായതായി ഭാരവാഹികൾ വാർത്താസമ്മേളനത്തിൽ അറിയിച്ചു. ലോബ അവാർഡ് ഫോർ എക്സലൻസ് (പബ്ലിക്ക് അവാർഡ്) കെ.എസ്.ഐ.ഡി.സി ചെയർമാനും പെനിൻസുല പോളിമേഴ്സ് ലിമിറ്റഡ് ഫൗണ്ടർ മാനേജിങ്ങ് ഡയറക്ടറുമായ ബാലഗോപാൽ ചന്ദ്രശേഖറും അർഹനായി.

ലൊയോളയിലെ പൂർവ്വ വിദ്യാർത്ഥികളുടെ കൂട്ടായ്മയായ ലൊയോള ഓൾഡ് ബാച്ചസ് അസോസിയേഷൻ ഏർപ്പെടുത്തിയിരിക്കുന്ന ലോബ ഇൻസ്റ്റിറ്റ്യൂട്ടഡ് ഗ്ലോബൽ ലീഡർഷിപ്പ് അവാർഡ്സ് (ജി.എൽ.എ) 2025 നവംബർ 22ന് വൈകിട്ട് 5.30ന് ട്രിവാൻഡ്രം ക്ലബ്ബിലെ സുബ്രഹ്മണ്യം ഹാളിൽ നടക്കുന്ന ചടങ്ങിൽ വിതരണം ചെയ്യും. ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ഡയറക്ടർ ഡോ. സഞ്ജയ് ബെഹാരി ചടങ്ങിൽ മുഖ്യാതിഥിയായി പങ്കെടുക്കും.

# അമൃത ആശുപത്രി അത്യാഹിത വിഭാഗത്തിന് എൻ.എ.ബി.എച്ച് അംഗീകാരം

**കൊച്ചി :** അമൃത ആശുപത്രിയിലെ അത്യാഹിത വിഭാഗത്തിന് ഗുണമേന്മയിലും സുരക്ഷയിലും ദേശീയ നിലവാരം പാലിച്ചതിന് നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ഹോസ്പിറ്റൽസ് ആൻഡ് ഹെൽത്ത്കെയർ പ്രൊവൈഡേഴ്സിന്റെ (എൻ.എ.ബി.എച്ച്) അംഗീകാരം ലഭിച്ചു. ക്ലിനിക്കൽ പ്രോട്ടോക്കോളുകൾ, അത്യാഹിത സാഹചര്യങ്ങളെ നേരിടാനുള്ള സജ്ജീകരണം, അടിസ്ഥാന സൗകര്യങ്ങൾ, രോഗി പരിചരണ പ്രക്രിയകൾ എന്നിവയുടെ വിശദമായ വിലയിരുത്തലിനെ തുടർന്നാണ് ഈ സർട്ടിഫിക്കേഷൻ ലഭിച്ചതെന്ന് ആശുപത്രി അധികൃതർ വ്യക്തമാക്കി.

അത്യാഹിത വിഭാഗത്തിൽ നിലവിൽ 30 പ്രത്യേക കിടക്കകളും, സീസണൽ വ്യതിയാനങ്ങളും വൻതോതിലുള്ള അപകടങ്ങളും കൈകാര്യം ചെയ്യുന്നതിനായി 40 അധിക കിടക്കകളും സജ്ജീകരിച്ചിട്ടുണ്ട്. ഇതിന് 24 മണിക്കൂർ ലാബ്, റേഡിയോളജി സേവനങ്ങൾ, അത്യാഹിത ഓപ്പറേഷൻ തിയേറ്റർ, പോയിന്റ് ഓഫ്കെയർ ടെസ്റ്റിംഗ് സൗകര്യങ്ങൾ തുടങ്ങിയവയും ഉണ്ട്.

# ന്യൂട്രിലൈറ്റ് വിറ്റാമിൻ ഡി പ്ലസ് ബോറോൺ പുറത്തിറക്കി ആംവേ

**കൊച്ചി:** പുതിയ ന്യൂട്രിലൈറ്റ് വിറ്റാമിൻ ഡി പ്ലസ് ബോറോൺ പുറത്തിറക്കി ആംവേ ഇന്ത്യ. വിറ്റാമിൻ ഡിയുടെ അളവ് കൃത്യമായി നിലനിർത്താനും അസ്ഥികളുടെ ആരോഗ്യവും രോഗപ്രതിരോധ ശേഷി നിലനിർത്താനും സഹായിക്കുന്ന ചേരുവകൾ അടങ്ങിയ ശാസ്ത്രീയമായി രൂപകൽപ്പന ചെയ്ത ഒരു ഫോർമുലേഷനാണിതെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.

പരമ്പരാഗത വിറ്റാമിൻ ഡി സപ്ലിമെന്റുകൾക്കപ്പുറത്തേക്ക്, വിറ്റാമിൻ ഡി3, ബോറോൺ, വിറ്റാമിൻ കെ2, ക്വെർസെറ്റിൻ, ലൈക്കോറൈസ് എന്നിവയുടെ മിശ്രിതത്തോടെ വരുന്ന ഇവ ആരോഗ്യ പ്രശ്നങ്ങളിലേക്ക് മാറുന്നതിന് മുമ്പ് ഭക്ഷണക്രമത്തിലെ വിടവുകൾ നികത്താൻ സഹായിക്കുന്നുവെന്നും കമ്പനി അധികൃതർ അവകാശപ്പെട്ടു. ആംവേ അംഗീകൃത വിതരണക്കാർ/ ആംവേ ബിസിനസ് ഉടമകൾ എന്നിവയിലൂടെയും ആംവേ വെബ്സൈറ്റിലൂടെയും ഇവ ലഭ്യമാണ്.




# സാംസങ്ങിന്റെ ഡിജി അറിവ് പദ്ധതിക്ക് തുടക്കം

**കൊച്ചി:** സാംസങ്, യുണൈറ്റഡ് നേഷൻസ് ഗ്ലോബൽ കോംപാക്റ്റ് നെറ്റ്വർക്ക് ഇന്ത്യയുമായി സഹകരിച്ച് തമിഴ്നാട്ടിൽ ഡിജിറ്റൽ, സ്റ്റെം (സയൻസ്, ടെക്നോളജി, എൻജിനീയറിങ്, മാത്തമാറ്റിക്സ്) വിദ്യാഭ്യാസം ശക്തിപ്പെടുത്തി വിദ്യാർഥികളെ ശാക്തീകരിക്കുന്നതിനായി ഡിജി അറിവ് വിദ്യാഭ്യാസ പരിപാടിയ്ക്ക് തുടക്കം കുറിച്ചു. ചെന്നൈ കോട്ടൂർപുരത്തെ അണ്ണാ സെഞ്ചുറി ലൈബ്രറിയിൽ നടന്ന ഉദ്ഘാടന ചടങ്ങിൽ സ്കൂൾ വിദ്യാഭ്യാസ വകുപ്പ് മന്ത്രി തിരു. ഡോ. ആൻബിൽ മഹേഷ് പൊയ്യാമൊഴി, കാഞ്ചീപുരം, റാണിപേട്ട് ജില്ലാ കളക്ടർമാർ എന്നിവർ സന്നിഹിതരായിരുന്നു. പദ്ധതിയുടെ ഭാഗമായി കാഞ്ചീപുരം, റാണിപേട്ട് ജില്ലകളിലെ 10 സർക്കാർ സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തും. കൂടാതെ സ്റ്റെം ഡിജിറ്റൽ പഠന സംവിധാനങ്ങൾ സജ്ജമാക്കി, അധ്യാപക പരിശീലനം നൽകുകയും, ഏകദേശം 3,000 വിദ്യാർഥികൾക്ക് സമഗ്ര വികസനം ഉറപ്പാക്കുകയും ചെയ്യുമെന്നും സാംസങ് അധികൃതർ അറിയിച്ചു. യു.എൻ.ജി.സി.എൻ.ഐ നടത്തിയ പഠന ഫലങ്ങളും, ശ്രീപെരുമ്പത്തൂരിലെ സാംസങ് ജീവനക്കാരുടെയും പ്രദേശവാസികളുടെയും നിർദ്ദേശങ്ങളും പരിഗണിച്ചാണ് പരിപാടി രൂപകൽപ്പന ചെയ്തത്.

ബാല (ബിൽഡിങ് ആസ് ലേണിങ് എയ്ഡ്) ഡിസൈൻ അടിസ്ഥാനത്തിലുള്ള ക്ലാസ്റൂം മെച്ചപ്പെടുത്തൽ, ഡിജിറ്റൽ പഠന ഉപകരണങ്ങൾ, സ്റ്റെം വിഷയങ്ങളിലെ പ്രവർത്തനാധിഷ്ഠിത പഠനം, അധ്യാപക പരിശീലനം, സ്പോർട്സ് കിറ്റുകൾ, തമിഴ്, ഇംഗ്ലീഷ്, മത്സരപരീക്ഷാ പുസ്തകങ്ങളുള്ള ലൈബ്രറികൾ, ഹയർ സെക്കൻഡറി വിദ്യാർത്ഥികൾക്ക് കരിയർ ഗൈഡൻസ്, ഹെൽത്ത് അവയർനസ് ക്യാമ്പുകൾ, സ്കൂൾകമ്മ്യൂണിറ്റി ആഘോഷങ്ങൾ തുടങ്ങി നിരവധി ഇടപെടലുകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

# ടൈ കേരള ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് സി.ബാലഗോപാലിന്



**കോട്ടയം:** ടൈ കേരള ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്മെന്റ് കോർപറേഷൻ ചെയർമാനും ടൈ കേരള സ്ഥാപക ചെയർമാനുമായ സി. ബാലഗോപാലിന്. കുമരകത്തെ ദി സൂരിയിൽ നവംബർ 21, 22 തീയതികളിൽ നടക്കുന്ന ടൈക്കോൺ കേരള 2025 സമ്മേളനത്തിൽ വ്യവസായ മന്ത്രി പി.രാജീവിൽ നിന്ന് സി. ബാലഗോപാൽ അവാർഡ് സ്വീകരിക്കും. നവംബർ 21 ഉച്ചക്ക് 2 മണിക്ക് ആരംഭിക്കുന്ന സമ്മേളനം കാവിൻകെയറിന്റെ സ്ഥാപകനും ചെയർമാനുമായ സി.കെ. രംഗനാഥൻ ഉദ്ഘാടനം ചെയ്യും. അപക്സ് ഹോസ്പിറ്റൽ ഡയറക്ടറും, ടൈ ഗ്ലോബൽ ബോർഡ് ഓഫ് ട്രസ്റ്റീസ് മെമ്പറുമായ ഷീനു ജാവർ, ടൈ കേരള പ്രസിഡന്റ് വിവേക് കൃഷ്ണ ഗോവിന്ദ്, ടൈ കേരള വൈസ് പ്രസിഡന്റും ടൈകോൺ കേരള 2025 ചെയറുമായ ഡോ. ജീമോൻ കോര എന്നിവർ ഉദ്ഘാടന സെഷനിൽ സംസാരിക്കും. ടൈ കേരളയുടെ വിവിധ അവാർഡുകളും സമ്മേളനത്തിൽ വിതരണം ചെയ്യും. സ്റ്റാർട്ടപ്പ് എന്റർപ്രണർ ഓഫ് ദി ഇയർ, സ്കെയിൽ അപ്പ് എന്റർപ്രണർ ഓഫ് ദി ഇയർ, എന്റർപ്രണർ ഓഫ് ദി ഇയർ, നെക്സ്റ്റ് ജെൻ എന്റർപ്രണർ, ഇന്നൊവേറ്റർ ഓഫ് ദി ഇയർ, ഇക്കോസിസ്റ്റം എനേബ്ലർ ഓഫ് ദി ഇയർ, ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് എന്നിങ്ങനെ ഏഴ് വ്യത്യസ്ത വിഭാഗങ്ങളിലായാണ് അവാർഡുകൾ സമ്മാനിക്കുക. രാജ്യത്തെ നിരവധി പ്രമുഖ വ്യവസായികൾ, മാനേജ്മന്റ് വിദഗ്ധർ, നിക്ഷേപകർ, മെന്റർമാർ, ഇന്നൊവേറ്റർമാർ, സർക്കാർ പ്രതിനിധികൾ എന്നിവർ സമ്മേളനത്തിൽ ഒത്തുകൂടും. സംരംഭകർ, സ്റ്റാർട്ടപ്പുകൾ, യുവ പ്രൊഫഷനലുകൾ, സാങ്കേതിക, മാനേജ്മന്റ് വിദ്യാർത്ഥികൾ എന്നിവർ പ്രതിനിധികളായെത്തും. പുതിയ സംരംഭകർക്കും പ്രാരംഭ ഘട്ടത്തിലുള്ള സ്റ്റാർട്ടപ്പുകൾക്കും ജൂറിക്ക് മുന്നിൽ അവരുടെ നൂതന ആശയങ്ങൾ അവതരിപ്പിക്കുന്നതിനും ഓൺദിസ്പോട്ട് ഫണ്ടിംഗ് അവസരങ്ങൾ നേടാനുമുള്ള തത്സമയ വേദിയായ പിച്ച് ബേ ഈ വർഷത്തെ ടൈക്കോൺ കേരളയുടെ പ്രധാന ആകർഷണമാകും.







RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com